# ചിന്തകളുടെ അസാധ്യതകളും വാൻഗോഘ് ചിത്രങ്ങളുടെ സാധ്യതകളും—ഒരു ഡല്യൂസിയൻ വീക്ഷണം

ഡോ. ജുബിൻ മറ്റപ്പള്ളിൽ
അസിസ്റ്റന്റ് പ്രൊഫസർ, ഓറിയന്റൽ ലാംഗ്വേജ് (മലയാളം), സെന്റ്. ഗ്രീഗോറിയോസ് കോളേജ്, കൊട്ടാരക്കര

പ്രബന്ധ സംഗ്രഹം

ഫ്രഞ്ച് തത്വചിന്തകനായ ഡല്യൂസിന്റെയും കൂട്ടാളിയായ ഫെലിക്സ് ഗോത്താരിയുടെയും തത്വചിന്തകൾ ഏറെ ശ്രദ്ധയാകർഷിച്ചവയും തുടർപഠനങ്ങൾക്ക് വഴിയൊരുക്കിയവയുമായിരുന്നു. കലയെയും സാഹിത്യത്തെയും താത്വികമാക്കിയ ഇവർ ആഗ്രഹം, വ്യത്യാസം, ഇന്ദ്രിയം, സ്കിസോഫ്രീനിയ തുടങ്ങിയ വ്യത്യസ്ത വിഷയങ്ങളെ ആധികാരികമാക്കി. ഇവരുടെ പഠനങ്ങളിലൂടെ പ്രത്യക്ഷപ്പെട്ട അവയവങ്ങളില്ലാത്ത ശരീരം (Body without organ) എന്ന ആശയം ഇന്നും പഠനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. അവയവങ്ങളില്ലാത്ത ശരീരത്തിന്റെ അർത്ഥതലങ്ങൾ അന്വേഷിക്കുകയും വിൻസെന്റ് വില്യം വാൻഗോഘിന്റെ വൈയക്തികതയിലും കലാസൃഷ്ടികളിലും അവയവങ്ങളില്ലാത്ത ശരീരത്തിനുള്ള സാധ്യതകൾ വിലയിരുത്തുകയുമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽ വാക്കുകൾ:** അവയവങ്ങളില്ലാത്ത ശരീരം, സ്കിസോഫ്രീനിയ, അബ്സിന്ത, മെനിയേർസ്, ഇമ്പ്രഷണിസം, പോസ്റ്റ് ഇമ്പ്രഷണിസം.

## ആമുഖം

തത്വചിന്തയെ ആശയങ്ങളുടെ ഉത്പാദനമായി വിഭാവനം ചെയ്ത ഫ്രഞ്ച് തത്വചിന്തകനായിരുന്നു ഡല്യൂസ്.സ്വയം ഒരു ശുദ്ധമായ മെറ്റാ ഫിസിഷ്യൻ എന്ന വിശേഷണം നടത്തിയ ഡല്യൂസ് തത്വചിന്തയിലെന്നപോലെ സാഹിത്യ

സിദ്ധാന്തങ്ങളിലും കലയിലും സൂക്ഷ്മ പഠനങ്ങൾ നടത്തി. 1968-ൽ റാഡിക്കൽ സൈക്കോ അനലിസ്റ്റും രാഷ്ട്രീയ പ്രവർത്തകനുമായ ഫെലിക്സ് ഗോത്താരിയെ കണ്ടുമുട്ടാനിടയായത് ഡല്യൂസിന്റെ കർമ്മമണ്ഡലത്തിലെ പുതിയ വഴിത്തിരിവായിരുന്നു. അന്നുമുതൽ അവരിരുവരുടെയും ചിന്തകളും കണ്ടെത്തലുകളും സംയുക്ത രചനകളുടെ സൃഷ്ടിക്കു നിദാനമായി. ആന്റി ഈഡിപ്പസും (1972) ആയിരം പീഠഭൂമികളും (1980) ഉൾക്കൊള്ളുന്ന രണ്ടു വാല്യങ്ങളുള്ള 'മുതലാളിത്തവും സ്കിസോഫ്രീനിയയും' ഏറെ ശ്രദ്ധേയമാണ്.

ജോർജ് കാംഗ്വിൽഹെം, ജീൻ ഹൈപ്പോലൈറ്റ്, ഫെർഡിനാൻഡ് ആൻക്വി, മൗറിസ് ഗാർഡിലാസ് പോലെയുള്ള തത്വജ്ഞാനികളുടെ ശിക്ഷണം ഡല്യൂസിലെ തത്വചിന്തകനെ രൂപപ്പെടുത്തുന്നതിൽ ഗണ്യമായിട്ടുണ്ട്. ജീവിതത്തെക്കുറിച്ചുള്ള ഡല്യൂസിന്റെ വീക്ഷണം സഹാനുഭൂതി നിറഞ്ഞതായിരുന്നു. സ്പിനോസയുടെ ചായ്‌വുകൾ അദ്ദേഹത്തിന്റെ തത്വചിന്തകളിൽ കാണാൻ കഴിയും. ഡല്യൂസ് തന്റെ കൃതികളിലൂടെ രണ്ടു തരം സമീപനങ്ങൾ പ്രകടിപ്പിച്ചു. സ്പിനോസ, വിൽഹെം, ലൈബിനിഡ്, ഡേവിഡ് ഹ്യൂം, ഇമ്മാനുവൽ കാന്ത്, നീഷേ, ഫൂക്കോ എന്നിവരുടെ സൃഷ്ടികളെ വ്യാഖ്യാനിക്കുവാനുള്ള ശ്രമമായിരുന്നു ഒന്ന്. വിശ്വാസം, സംഭവം, ഇന്ദ്രിയം, സ്കിസോഫ്രീനിയ, സമ്പദ് വ്യവസ്ഥ, സിനിമ, ആഗ്രഹം തുടങ്ങിയ വ്യത്യസ്ത തലങ്ങൾക്ക് താത്വികമാനം നൽകാനുള്ള ശ്രമമായിരുന്നു മറ്റൊന്ന്.

1981-നു ശേഷം അദ്ദേഹം എഴുതിയ കൃതികളിൽ കല, തത്വചിന്ത, ശാസ്ത്രം എന്നിവയെ മൂന്നു വ്യത്യസ്ത വിഭാഗങ്ങളായി വേർതിരിക്കുന്നു. ഓരോന്നും യാഥാർഥ്യത്തെ വ്യത്യസ്ത രീതികളിൽ വിശകലനം ചെയ്യുന്നു. തത്വചിന്ത സങ്കൽപ്പങ്ങൾ സൃഷ്ടിക്കുമ്പോൾ കലകൾ സംവേദനത്തിന്റെയും വികാരത്തിന്റെയും നൂതനവും ഗുണപരവുമായ സംയോജനങ്ങൾ സാധ്യമാക്കുന്നു. ശാസ്ത്രമാകട്ടെ പ്രകാശത്തിന്റെ വേഗത അല്ലെങ്കിൽ കേവല പൂജ്യം പോലുള്ള നിശ്ചിത പോയിന്റ്കളെ അടിസ്ഥാനമാക്കി അളവ് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നു.

വ്യത്യസ്ത ആശയങ്ങൾക്ക് താത്വിക മാനം നൽകിയ ഡല്യൂസ് സ്കിസോഫ്രീനിയയുടെ വിശകലനത്തിനായി ഉപയോഗിച്ച ആശയമാണ് അവയവങ്ങളില്ലാത്ത ശരീരം (Body without organs). മുതലാളിത്തവും സ്കിസോഫ്രീനിയയും, ലോജിക് ഓഫ് സെൻസ്, ക്രിട്ടിക് അറ്റ് ക്ലിനിക് തുടങ്ങിയ കൃതികളിൽ അവയവങ്ങളില്ലാത്ത ശരീരത്തെ അദ്ദേഹം നിർവചിക്കുവാനും പുനർവിചിന്തനത്തിനു വിധേയമാക്കുവാനും ശ്രമിച്ചിട്ടുണ്ട്.

ആന്റോണിന് ആർട്ടോഡിന്റെ റേഡിയോ നാടകമായ 'ടു ഹാവ് ഡൺ വിത്ത് ദി ജഡ്ജ്മെന്റ് ഓഫ് ഗോഡ്' (1940) ൽ നിന്നും എടുത്തതാണ് ഈ ആശയം. "നിങ്ങൾ അവനെ അവയവമില്ലാത്ത ശരീരമാക്കുമ്പോൾ, അപ്പോൾ നിങ്ങൾ അവന്റെ എല്ലാ യാന്ത്രിക പ്രതികരണങ്ങളിൽ നിന്നും വിടുവിക്കും......" 1947 നവംബർ 28-ന് ആർട്ടോഡ് ആത്മഹത്യ ചെയ്തപ്പോൾ ആർട്ടോഡ് സ്വയം അവയവമില്ലാത്ത ശരീരമായി തീർന്നുവെന്ന് ഡല്യൂസും ഗോത്താരിയും അഭിപ്രായപ്പെട്ടു. സർറിയലിസ്റ്റ് കവിതകളുടെ അച്ചിൽ സജ്ജീകരിച്ചിരിക്കുന്ന ഈ നാടകം ആദർശങ്ങൾക്കും ധാർമ്മികതക്കും എതിരായ ആക്രോശമായിരുന്നു.

## അവയവങ്ങളില്ലാത്ത ശരീരം (Body Without Organs )

1947 നവംബർ 28-ന് ആർട്ടോഡ് തന്റെ റേഡിയോ നാടകത്തിൽ അവയവങ്ങളോട് യുദ്ധം പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ ഇത് ശരീരത്തിന്റെ ബാഹ്യസംഘടനക്ക് എതിരായ യുദ്ധമാണ്. കുട്ടിക്കാലം മുതൽ വൈയക്തികതയ്ക്കു മേൽ അടിച്ചേല്പിക്കപ്പെട്ട നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും എതിരായ യുദ്ധം. ഇത്തരം നിയമങ്ങളും നിയന്ത്രണങ്ങളും പലപ്പോഴും യഥാർത്ഥ സ്വഭാവത്തിന് എതിരായിരിക്കും.ഫ്രഞ്ച് പോസ്റ്റ് സ്ട്രക്ച്ചറലിസ്റ്റ് തത്വചിന്തകരായ ഡെല്യൂസിന്റെയും ഗോത്താരിയുടെയും കാഴ്ചപ്പാടിൽ ഓരോ യഥാർത്ഥ ശരീരത്തിനും സ്വഭാവഗുണങ്ങൾ, ശീലങ്ങൾ, ചലനങ്ങൾ, സ്വാധീനങ്ങൾ എന്നിവ ഉണ്ട്. ഒപ്പം ഓരോ ശരീരത്തിനും വെർച്വൽ മാനവുമുണ്ട്. സാധ്യതയുള്ള സ്വഭാവസവിശേഷതകൾ, കണക്ഷനുകൾ, സ്വാധീനങ്ങൾ, ചലനങ്ങൾ മുതലായവയുടെ വലിയ സംഭരണി. ഈ പൊട്ടൻഷ്യൽ ശേഖരത്തെയാണ് ഡെല്യൂസ് അവയവങ്ങളില്ലാത്ത ശരീരം എന്നു വിളിക്കുന്നത് (Body Without Organs-Esoteric Body: Alan Ti-Zariguin). ആദ്യം അവയവങ്ങളില്ലാത്ത ശരീരം ഉണ്ടാക്കുക. തുടർന്ന് വെർച്വൽ പൊട്ടൻഷ്യലുകൾ പുറത്തെടുക്കുവാനും സജീവമാക്കാനും അതുവഴി സ്വയം സജീവമാകാനും കഴിയുക. ഇത് അവയവങ്ങളുടെ സംയോജനത്തിലൂടെയാണ് സാധ്യമാകുക. ഡെല്യൂസിന്റെയും ഗോത്താരിയുടെയും വീക്ഷണത്തിൽ രണ്ടു സ്വതന്ത്രതലങ്ങളാണ് ഒരു അസ്തിത്വത്തിലുള്ളത്. ഒന്ന് മാംസം, രക്തം, അസ്ഥികൾ ഇവയാൽ സംയോജിതമായ ഭൗതിക ശരീരം. മറ്റൊന്ന് ഞാനെന്ന ഭാവം. ഫ്രഞ്ച് സൈക്കോ അനലിസ്റ്റും സൈക്യാർട്ടിസ്റ്റും ആയ ജാക് ലെകാന്റെ കാഴ്ചപ്പാടിൽ ഈഗോ ആഗ്രഹങ്ങളുടെയും പ്രതീക്ഷകളുടെയും പ്രൊജക്ഷനിൽ നിന്നാണ് രൂപപ്പെടുന്നത്. അത് നമ്മുടേതല്ല. വലിയ മറ്റൊന്നിൽ നിന്നും രൂപപ്പെടുന്നതാണ്. ബിഗ് അദർ എന്ന സാങ്കല്പികതയുടെ മിഥ്യാധാരണയെ

മറികടക്കുന്ന സമൂലമായ അപരത്വത്തെ സൂചിപ്പിക്കുന്നു (Body Without Organs–Esoteric Body: Alan Ti -Zariguin).

അപ്പോൾ നമ്മുടെ ശരീരം ഭൗതികവും നിഗൂഢവുമായ മേഖലയാണ്. ശരീരത്തിനുള്ളിലെ ശക്തികളുടെ സംഘാടനവും ഊർജ്ജവിതരണവും നമ്മുടെ ശരീരത്തെ നിലനിർത്തുന്നു. നമ്മുടെ അസ്തിത്വത്തിന്റെ നിർമ്മാണ ഘടകം പ്രകാശമാണ്. പ്രകാശം എല്ലാ സൃഷ്ടിയുടെയും നിർമ്മിതിയുടെ ഇടം കൂടിയാണ്. വെളിച്ചവും ഇരുട്ടും തമ്മിലുള്ള പ്രതിപ്രവർത്തനം കോസ്മിക് സ്പന്ദനമായി മാറുകയും മനുഷ്യനിൽ ശ്വാസം കൊണ്ട് ആവർത്തിക്കുകയും ചെയ്യുന്നു. ശ്വാസം ജീവിതത്തിനും മരണത്തിനും ഇടയിലുള്ള പാരസ്പര്യമാണ്. ഒരു കോസ്മിക് സ്കെയിലിൽ ഇത് വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും രൂപമെടുക്കുന്നു. ഡെല്യൂസിന്റെയും ഗോത്താരിയുടെയും പ്രധാന ആശയങ്ങളിൽ ഏറ്റവും പ്രശ്നകരമായത് അവയവങ്ങളില്ലാത്ത ശരീരമാണ്. ഭൗതിക ശരീരം രൂപമെടുക്കുന്നത് ഭൗതികമല്ലാത്ത മറ്റൊന്നിന്റെ അടിസ്ഥാനത്തിലാണ്. അത് പ്രകാശ ശരീരമെന്നോ ആത്മീയ ശരീരമെന്നോ വിവക്ഷിക്കപ്പെടുന്നു. കോസ്മോസിലെ എല്ലാ വസ്തുക്കളും ആത്മാവിനാൽ വേഗത്തിലാക്കപ്പെടുന്നുവെന്ന് മീഡ് സിദ്ധാന്തിക്കുന്നു (The Body of Light and The Body Without Organs–Willian Behun-127). ഭൗതിക ശരീരത്തെ ജനിപ്പിക്കുന്നത് പ്രകാശ ശരീരമാണ്. പ്രകാശ ശരീരത്തെ വ്യത്യസ്ത പാരമ്പര്യങ്ങളിൽ ഉടനീളം തിരിച്ചറിയാൻ മീഡ് ചില പ്രത്യേക പദങ്ങൾ പട്ടികപ്പെടുത്തുന്നു-സ്വർഗീയ അഥവാ ലൂസിഫോ ബോഡി, പ്രകാശത്തിന്റെ ഓര്ഗാനോൻ, ഒഗോയ്ഡുകൾ. പ്രകാശത്തിന്റെ രൂപീകരണം സ്വയം അവസാനിക്കുന്നില്ല. അത് പലതരം മാന്ത്രിക ശക്തികൾ നേടുന്നതിനുള്ള ഉപാധിയാണ്. ഉള്ളിലുള്ള പ്രവർത്തനത്തിന്റെ സാധ്യതയെ അത് തുറന്നുകാട്ടുന്നു. അത് ബോധവും ശക്തിയും കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. സൂക്ഷ്മശരീരത്തിന്റെ വികാസത്തിലൂടെ മാത്രം ഒരുവന് നേടിയെടുക്കാൻ കഴിയുന്ന അനുഭവം എന്നാണ് ഇവോളയുടെ സാക്ഷ്യം. (The Body of Light and The Body Without Organs–Willian Behun-128). അവയവങ്ങളില്ലാത്ത ശരീരം ലോകത്തെ അനുഭവിക്കുന്നതിനുള്ള മാർഗമാണ്. അവയവങ്ങളില്ലാത്ത ശരീരം നിർമ്മിക്കുന്ന പ്രക്രിയയിൽ ഒരാൾ മോളാർ വ്യക്തിയായിട്ടല്ല മറിച്ച് തന്മാത്ര സംഭവമായി ഉടലെടുക്കുന്നു. തീവ്രതകളും പ്രവാഹങ്ങളും നിയന്ത്രണമോ പരിമിതികളോ ഇല്ലാതെ തന്നെ കടന്നുപോകുന്ന സുഗമമായ തലം. മീഡ് ഭൗതിക ശരീരത്തിന് അവയവങ്ങൾ കല്പിക്കുമ്പോൾ സൂക്ഷ്മ ശരീരത്തിന് അവയവങ്ങൾ

കല്പിച്ചിട്ടില്ല. ഡെല്യൂസിന്റെയും ഗോത്താരിയുടെയും അഭിപ്രായത്തിൽ അവയവങ്ങളില്ലാത്ത ശരീരം മതപരമോ ദൈവശാസ്ത്രപരമോ ആയ ആത്മീയ പ്രതിഭാസമല്ല. ഭൗതികതക്കെതിരായ ആത്മീയതയാണ്. ഇവർ ചൂണ്ടിക്കാണിക്കുന്നതും ഞാൻ എന്ന ബോധത്തെയാണ്. എല്ലാ സാധ്യതകളുടെയും ഉറവിടം. നമ്മെക്കാൾ വലുതാകാനുള്ള സാധ്യത. അവയവങ്ങളില്ലാത്ത ശരീരം ആഗ്രഹത്തിന്റെ അന്തർലീനതയുടെ മേഖലയാണ്. ആഗ്രഹത്തിന് പ്രത്യേകമായ സ്ഥിരതയുടെ തലം എന്നെഴുതുന്നു. ദാർശനികമോ നിഗൂഢമോ മാന്ത്രികമോ ആയ പദങ്ങളിൽ മനസിലാക്കിയാലും ഈ ശരീരങ്ങളുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യം ഒരാളുടെ പരിധി വികസിപ്പിക്കുക എന്നതാണ്. സാധ്യതകളുടെ വലിയ ഇടം രൂപപ്പെടുത്തുക. അവയവങ്ങളില്ലാത്ത ശരീരം ഒരു ശരീരം എന്താണെന്നും അത് എങ്ങനെ ഉപയോഗപ്പെടുത്തണമെന്നും ഉള്ള പരമ്പരാഗത ബോധത്തെ തകർക്കുന്നു (A Body Without Organs–A Users Manual–Manu Bazzaus).ചിന്തകളുടെ അസാധ്യതകളിലേക്കും തുടർന്നുള്ള സാധ്യതകളിലേക്കും ഉള്ള പരിണാമമാണ് ഓരോ അവയവങ്ങളില്ലാത്ത ശരീരവും.

അവയവങ്ങളില്ലാത്ത ശരീരം ഒരു സാധ്യതയാണ്. അത് ആഗ്രഹങ്ങളുടെ അനിയന്ത്രിതമായ പ്രകടനമാണ്. നേടാനാകാത്ത ലക്ഷ്യത്തെ സമീപിക്കുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങളായി അവർ അവയവങ്ങളില്ലാത്ത ശരീരത്തെ നോക്കിക്കാണുന്നു. യഥാർത്ഥത്തിൽ അവയവങ്ങളില്ലാത്ത ശരീരം കലയും ശരീരവും തമ്മിലുള്ള സംയോജനത്തെക്കുറിച്ചുള്ള ചിന്തയ്ക്ക് വഴിതുറക്കുന്നു. ഈ ഒരു തലത്തിൽ നിന്നുകൊണ്ടാണ് ഡെല്യൂസ് ഇത്തരമൊരു ആശയത്തെ വിശകലനം ചെയ്തത്. അവയവങ്ങളില്ലാത്ത ശരീരത്തിന്റെ ആദ്യ നിർണയം ചിന്തകളുടെ അസാധ്യതകളിലേക്കാണ് കടന്നു ചെല്ലുന്നത്. സൃഷ്ടിയെ അസാധ്യമെന്നും പരിധിയുടെ കായിക ക്ഷമതയെന്നും അദ്ദേഹം നിർണയിക്കുന്നു. അസാധ്യതയാണ് ചിന്തകളുടെ സാധ്യതകളിലേക്ക് വഴി തുറക്കുന്നത്. വിൻസെന്റ് വില്യം വാൻഗോഘിന്റെ വൈയക്തിക ചിന്തകളും സൃഷ്ടികളും ഇത്തരമൊരു സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

### വാൻഗോഘ് –സർഗ്ഗതാളം ജീവതാളമാക്കിയ കലാകാരൻ

1853 മാർച്ച് 30-നായിരുന്നു നെതർലണ്ടിൽ വാൻഗോഘ് ജനിച്ചത്. ഇന്ന് ലോകത്തിലെ ശ്രദ്ധേയരായ ചിത്രകാരന്മാരെക്കുറിച്ച പരാമർശിക്കുമ്പോൾ വാൻഗോഘിനെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള പരാമർശത്തിന് ആരും മുതിരുകയില്ല. മുപ്പത്തിയേഴ് വർഷവും നാലു മാസവും മാത്രം ഈ ലോകത്തു ജീവിച്ച

വാൻഗോഘ് കലാസ്നേഹികളുടെ കണ്ണിൽ എന്നും ഒരു അത്ഭുതപ്രതിഭാസ മാണ്. 1890-ൽ വാൻഗോഘ് സ്വയം ജീവിതം അവസാനിപ്പിച്ചപ്പോൾ ഇന്ന് ലോകം നോക്കിക്കാണുന്ന ശ്രേഷ്ഠതയിലേക്ക് അദ്ദേഹം ഉയർന്നിരുന്നുവോ എന്നത് സംശയമാണ്. അന്ന് അദ്ദേഹത്തെ അംഗീകരിച്ചത് സുഹൃത്തുക്കളും അനുയായികളും മാത്രം അടങ്ങുന്ന ചെറുസംഘമായിരുന്നു.

വാൻഗോഘ് ചിത്രങ്ങൾ മരണാനന്തരം ലോക ശ്രദ്ധയാകർഷിച്ചവ യാണ്. അദ്ദേഹത്തിന്റെ അസാധാരണതകളെയാണ് ലോകം ഉറ്റുനോക്കി യത്. ഭാഗ്യഹീനമായ പ്രണയങ്ങളുടെ ഇടവേളകൾ, സ്വയം അംഗഭംഗം വരുത്തുന്ന എപ്പിസോഡുകൾ, തളർത്തുന്ന രോഗത്തിന്റെ പ്രതിസന്ധികൾ എന്നിവ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അടയാളപ്പെടുത്തലുകളായി. വാൻഗോഘിന്റെ ജീവിതത്തിലുടനീളം ഗുരുതരമെന്നു തോന്നിപ്പോകുന്ന മാന സികവിഭ്രാന്തിയുടെ അസാധാരണത്വം ദൃശ്യമായിരുന്നു. അത് അദ്ദേഹത്തിന്റെ സർഗാത്മകതയിലോ കലാസൃഷ്ടികളിലോ കടന്നു കൂടിയിട്ടുണ്ടോ എന്നതി നെപ്പറ്റി മെഡിക്കൽ പഠനങ്ങൾ വൻതോതിൽ നടന്നിട്ടുണ്ട്. വാൻഗോഘ് അനുജൻ തിയോയ്ക്ക് അയച്ച കത്തുകളിൽ അദ്ദേഹത്തിന്റെ മാനസിക സംഘർ ഷങ്ങൾ പ്രകടമായിട്ടുണ്ട്.

വാൻഗോഘ് അനുദിനം പലതരം പരിമിതികളോടെയാണ് ജീവിച്ചത്. 19ആം നൂറ്റാണ്ടിൽ ഇന്നത്തേത് പോലെ ഫലപ്രദമായി ചികിത്സ ലഭ്യമല്ലാത്ത മാനസിക അസ്വസ്ഥതകളോട് മല്ലിട്ടുകൊണ്ടുള്ള ജീവിതം. എന്നിട്ടും പോസ്റ്റ് ഇമ്പ്രെഷണിസ്റ്റ് പ്രസ്ഥാനത്തിന്റെ മാത്രമല്ല കലയുടെ തന്നെ ചരിത്രത്തിൽ ശ്രദ്ധേയമായ ഇടം നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

വാൻഗോഘിന്റെ ജീവിതാവസ്ഥകളുടെ ചില വശങ്ങൾ വ്യത്യസ്ത പരിമി തികളുടെ സൂചകങ്ങളായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മാനസി കാവസ്ഥയിൽ വിഷാദം, സ്കിസോഫ്രേനിയ, മാനസിക വിഭ്രാന്തി, ഉത്കണ്ഠ എന്നീ രൂപങ്ങളാണ് ഏറ്റവുമധികം കാണപ്പെട്ടത്.ശാരീരികമായി അദ്ദേഹ ത്തിന് അപസ്മാരവും മേനിയേർസവും ബാധിച്ചിരുന്നതായി കാണാം. ഇത്തരം ശാരീരിക മാനസിക വെല്ലുവിളികൾ കലാസൃഷ്ടികളെ സ്വാധീനിച്ചിട്ടുണ്ട്. പുതിയ ചില പഠനങ്ങൾ വെളിപ്പെടുത്തുന്നത് വാൻഗോഘിന് അപസ്മാരത്തോ ടൊപ്പം മേനിയേഴ്സും ഉണ്ടായിരുന്നതായാണ്. അദ്ദേഹത്തിന് ഉത്തേജകങ്ങ ളോടുള്ള കടുത്ത സംവേദനക്ഷമതക്ക ഇവ ഒരുപക്ഷേ, കാരണങ്ങളായേ ക്കാം. തീവ്രമായ തലകറക്കം, ചെവിക്കുള്ളിലെ മുഴക്കം, കാഴ്ച സംബന്ധമായ പ്രശ്നങ്ങൾ എന്നിവ മേനിയേർസ് ഉള്ളവരിൽ പ്രകടമാകാറുണ്ട്. വെളിച്ചം,

ശബ്ദം, സുഗന്ധം എന്നിവ ഇത്തരക്കാരിൽ ട്രിഗറുകളായി പ്രവർത്തിക്കും. ഈ രോഗികൾക്ക് തിരക്കുള്ള മെട്രോപോലിത്തൻ സിറ്റികൾ, തിരക്കേറിയ നഗര പ്രദേശങ്ങൾ അഭിഗാമ്യമല്ല. നാട്ടിൻപുറങ്ങളിലേക്ക് ചേക്കേറാനുള്ള ത്വര വാൻഗോഘിനുണ്ടായത് ഒരുപക്ഷേ, ഇതുകൊണ്ടാകാം. തിയൊയ്ക്കെഴുതിയ കത്തുകളിൽ ഇതിന്റെ സൂചന ലഭിക്കുന്നുണ്ട് (The Illness of Vincent Vangogh-Wilfred Niels Arnold).

മേനിയേഴ്സും അപസ്മാരവും കൊണ്ടുണ്ടാകുന്ന കാഴ്ച്ചക്കുറവ് വാൻഗോഘിന്റെ ദൃശ്യബോധത്തെ സാരമാക്കി. മറ്റ് ഇമ്പ്രഷണിസ്റ്റ് ചിത്രകാരന്മാരിൽ നിന്നും വ്യത്യസ്തമായി ചുറ്റുപാടുകളെ മറ്റൊരുതരത്തിൽ നോക്കിക്കണ്ടു. റെനോയർ, മോനേ, ഗോഗാൻ എന്നിവരിൽ നിന്നും വാൻഗോഘ് ശൈലീപരമായി വേറിട്ടു നിന്നു. ഇവരുടെ സൃഷ്ടികളിൽ കാണാൻ കഴിയാത്ത ഒരു ധൃതി വാൻഗോഘിലുണ്ട്. അദ്ദേഹത്തിന്റെ ബ്രഷ്‌വർക് കൂടുതൽ ഭാരമേറിയതും കൂടുതൽ വേഗതയാർജിച്ചതുമായിരുന്നു. കനത്ത സ്ട്രോക്കുകൾ ഊർജ്ജസ്വലങ്ങളായ നിറങ്ങളാൽ സമ്പന്നമാണ്. ശാരീരികതീവ്രതകളിലൂടെ മുന്നേറിയ വാൻഗോഘ് അനുനിമിഷം താൻ അനുഭവിച്ചറിഞ്ഞ ലോകത്തെയാണ് ചിത്രീകരിച്ചത്. അദ്ദേഹത്തിന്റെ വർണ്ണ സ്കീമാറ്റിക്സിന്റെ കാഠിന്യവും ബ്രഷ് വർക്കിന്റെ രേഖീയ നിലവാരവും മാറിയ ധാരണകളെ സൂചിപ്പിക്കുന്നു.

വാൻഗോഘിന്റെ ചിത്രങ്ങളിൽ മഞ്ഞനിറം പലപ്പോഴും വസ്തുക്കളെ ആവരണം ചെയ്യുന്നതായി കാണാം. അത് അദ്ദേഹത്തിന്റെ സൃഷ്ടികളിൽ മേൽക്കൈ നേടുകയും ചെയ്തു. അദ്ദേഹം കഴിച്ചിരുന്ന ചില മരുന്നുകൾ കാഴ്ച്ചയിൽ മഞ്ഞയുടെ അതിപ്രസരം സൃഷ്ടിച്ചിരുന്നതായി കരുതുന്നു. മാനസിക പ്രശ്നങ്ങളാൽ ബുദ്ധിമുട്ടനുഭവിച്ച വാൻഗോഘ് മദ്യത്തോട് അഭിനിവേശം കാട്ടിയതും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ അബ്സീന്തയുടെ ഉപയോഗവും ചെറുതായിരുന്നില്ല. ഇത്തരം പാനീയങ്ങൾ അമിതമായി ഉപയോഗിക്കുമ്പോൾ ഉപഭോക്താവിന് എല്ലാം മഞ്ഞനിറത്തിൽ കാണുന്നതിന് കാരണമാകുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (The Illness of Vincent Vangogh–Wilfred Niels Arnold).

തിയോ അവന്റെ സഹോദരിക്ക് എഴുതിയ കത്തിൽ വാൻഗോഘിന്റെ മാനസികാവസ്ഥ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം രണ്ടു വ്യക്തികളാണെന്നു തോന്നിപ്പോകും. ഒരാൾ പ്രതിഭാധനനും ആർദ്രതയുള്ളവനും പരിഷ്കൃതനും ആണെങ്കിൽ മറ്റൊരാൾ അഹംഭാവിയും കഠിനഹൃദയനുമാണ്... ... അവൻ മറ്റുള്ളവർക്ക് മാത്രമല്ല സ്വയവും ജീവിതം ബുദ്ധിമുട്ടാക്കുന്നു.

'എനിക്ക് എന്താണ് സംഭവിക്കുന്നത് എന്ന് എനിക്കു തന്നെ അറിയാൻ കഴിയുന്നില്ലെ'ന്ന് വാൻഗോഘ് തന്നെ പ്രസ്താവിച്ചിട്ടുണ്ട്. തന്റെ അകാരണമായ ഉത്കണ്ഠ വാൻഗോഘ് പലപ്പോഴും തുറന്നുകാട്ടിയിട്ടുമുണ്ട്. അബ്സീന്തയുടെ ലഹരിയിൽ മുഴുകി തന്റെ ചെവി മുറിച്ചു വേശ്യക്ക് സമ്മാനിച്ചതിനു പിന്നിൽ ഇത്തരമൊരു മാനസികാവസ്ഥയും നിഴലിക്കുന്നുണ്ട്. വാൻഗോഘിന്റെ രചനകൾ അദ്ദേഹത്തിന്റെ വിവിധ പരിമിതികളുടെ ഉത്പന്നങ്ങളായി തോന്നുമെങ്കിലും അവ സർഗാത്മക സൃഷ്ടികൾ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ചിത്രങ്ങളിൽ ഇമ്പ്രഷണിസ്റ്റ്-പോസ്റ്റ് ഇമ്പ്രെഷണിസ്റ്റ് ചിത്രകാരന്മാരുടെ സ്വാധീനം കാണാം. ഭാരമുള്ളതായി തോന്നുന്ന ചെറിയ ബ്രഷ് സ്ട്രോക്കുകൾ കൊണ്ടുള്ള കട്ടിയുള്ള പെയിന്റ് പ്രയോഗത്തിലും നിറങ്ങളുടെ ശ്രദ്ധാപൂർവമുള്ള വിനിയോഗത്തിലും ക്ളോഡ് മോനെയുടെ സ്വാധീനം പ്രകടമാണ്. വർണങ്ങളുടെയും പരോക്ഷമായ രൂപത്തിന്റെയും വിനിയോഗത്തിലൂടെ ചുറ്റുപാടുകളോട് മതിപ്പുണ്ടാക്കുകയായിരുന്നു മോനെയുടെ ലക്ഷ്യം. വാൻഗോഘിന്റെ കലാസൃഷ്ടികളിലും ഇത്തരമൊരു സമീപനം ഇടം പിടിച്ചിട്ടുണ്ട്. ചിന്തകളുടെ അസാധ്യതകളും തുടർന്നുള്ള സാധ്യതകളുമാണ് യഥാർത്ഥത്തിൽ വാൻഗോഘിനെ ചലിപ്പിച്ചത്. വാൻഗോഘ് വിവിധ വൈകല്യങ്ങളുമായുള്ള നിരന്തര പോരാട്ടത്തിൽ നിന്നോ ജീവിതത്തിന്റെ ദുഃഖകരമായ നിസ്സാരതയിൽ നിന്നോ രക്ഷപെടാൻ കലയെ ഉപയോഗിച്ചിരിക്കാം. അവിടെ വാൻഗോഘ് അവയവമില്ലാത്ത ശരീരമായിത്തീരുകയുമായിരുന്നു. വാൻഗോഘ് മനുഷ്യന്റെ നിലനില്പിനെക്കുറിച്ചു രസകരമായ വീക്ഷണങ്ങൾ വികസിപ്പിച്ചെടുത്തു. വാൻഗോഘ് പൂർണഹൃദയത്തോടെ കലയിൽ സ്വയം സമർപ്പിതനായ കലാകാരനായിരുന്നു. ചിത്രകലയോട് തീവ്രമായ അഭിനിവേശം പുലർത്തിയ ആൾ. ജീവിതത്തിന്റെ താളം നഷ്ടപ്പെട്ട് ക്ലിനിക്കിൽ കഴിയേണ്ടിവന്നപ്പോഴും സർഗാത്മകതയുടെ താളത്തിലൂടെ ജീവിതതാളം ശരിപ്പെടുത്താൻ ശ്രമിച്ച കലാകാരൻ. അതിഗംഭീരമായ ഒരു ജോലിയുടെ പൂർത്തീകരണത്തിന് വേണ്ടി താൻ കഠിനമായ കാലാവസ്ഥയെപ്പോലും നേരിട്ടുന്നെന്ന് തിയൊക്കെഴുതിയ കത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട് (The Illness of Vincent Vangogh- Wilfred Niels Arnold).

വാൻഗോഘ് ചിത്രങ്ങളിലെ അവയവങ്ങളില്ലാത്ത ശരീരം ജീവിതത്തിൽ അനുഭവിച്ച വന്യമായ ഏകാന്തതയെ ഭാവതീഷ്ണമായ ചിത്രങ്ങളിലൂടെ അതിജീവിച്ച ചിത്രകാരനായിരുന്നു വാൻഗോഘ്. ചാപിള്ളയായി

പിറന്ന ജ്യേഷ്ഠന്റെ ആത്മാവാണ് താനെന്ന ചിന്ത ജീവിതാന്ത്യം വരെ വാൻഗോഘിനെ അലട്ടിയിരുന്നു. കുട്ടിക്കാലം മുതൽ വാൻഗോഘിന്റെ വൈയക്തികതക്കുമേൽ അടിച്ചേല്പിക്കപ്പെട്ട നിയമവും നിയന്ത്രണവുമായിരുന്നു ഈ പരാമർശം. ശരീരത്തിന്റെ ബാഹ്യസംഘടനക്കു എതിരെയുള്ള വാന്ഗോഘിന്റെ യുദ്ധപ്രഖ്യാപനം അവിടെ തുടങ്ങുന്നു. ഇത്തരം അടിച്ചമർത്തലുകൾ അദ്ദേഹത്തിന്റെ സ്വഭാവരൂപീകരണത്തെ പ്രതികൂലമായി ബാധിച്ചു. ബാല്യം മുതൽ തന്നിഷ്ടക്കാരനും നിഷേധാത്മക നിലപാടുകൾ കൈക്കൊള്ളുന്നവനുമായി വാൻഗോഘ് വളർന്നു. മുതിർന്നപ്പോൾ സ്റ്റോക്കിന്റെ റാംസ്ഗേറ്റിലെ വിദ്യാലയത്തിലും സുവിശേഷ പ്രസംഗകനായ ഫാദർ ജോൺസിനൊപ്പം ലണ്ടനിലെ ചേരികളിലും ഡോർഡ്രെഷത്തിലെ പുസ്തകശാലയിലും സ്ഥിരതയോടെ നിൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. വൈയക്തികതക്ക് മേൽ അടിച്ചേല്പിക്കപ്പെട്ട നിയമങ്ങളോടും നിയന്ത്രണങ്ങളോടുമുള്ള തുറന്ന യുദ്ധപ്രഖ്യാപനം കൂടിയായിരുന്നു ഈ ചാഞ്ചല്യം. ആംസ്റ്റർഡാമിൽ ദൈവശാസ്ത്രപഠനം പാതിവഴിയിൽ ഉപേക്ഷിച്ചതും ബോറിനാഴിയിലെ ഖനിത്തൊഴിലാളികൾക്കിടയിൽ പ്രേക്ഷിതനായി ഏറെക്കാലം നിലകൊള്ളാൻ കഴിയാതെ പോയതും ഇതേ മനോഭാവം കൊണ്ടുതന്നെ.

1880-ൽ ചിത്രകാരനാകുക എന്ന ലക്ഷ്യത്തോടെ ബ്രൂസ്സൽസിലെ അക്കാദമി ഓഫ് ഫൈൻ ആർട്സിലേക്ക് പോയപ്പോൾ വാൻഗോഘ് സ്വയമൊരു അവയവമില്ലാത്ത ശരീരമായിതീരുകയായിരുന്നു. 1885-ൽ വരച്ച 'പൊട്ടറ്റോ ഈറ്റേഴ്സ്' (റിജ് ക്സ് മ്യൂസിയം-ആംസ്റ്റർഡാം) യൂറോപ്പിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും ജീവിതത്തിന്റെ ദൈന്യതയും പ്രത്യക്ഷമാക്കി. പരോക്ഷതയിൽ ഈചിത്രം വാൻഗോഘിന്റെ ചിന്തകളുടെ അസാധ്യതകളിലേക്കും അതു വഴിതുറക്കുന്ന സാധ്യതകളിലേക്കും സഞ്ചരിക്കുന്നു. വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും പ്രതിപ്രവർത്തനം ചിത്രത്തിൽ ഒരു കോസ്മിക് സ്പന്ദനമായി നിറയുന്നു. ജീവിതത്തിനും മരണത്തിനും ഇടയിലുള്ള ശ്വാസത്തിന്റെ പാരസ്പര്യം പരോക്ഷതയിൽ വെളിപ്പെടുന്നു. ഇവിടെ അവയവങ്ങളില്ലാത്ത ശരീരമായി തീരുന്ന 'പൊട്ടറ്റോ ഈറ്റേഴ്സ്'.

1886-ലും 1887-ലുമാണ് വാൻഗോഘ് തന്റെ ചിത്രങ്ങളിലേക്ക് സൂര്യകാന്തികളെ പ്രതിഷ്ഠിച്ചത്. അവയോരോന്നും നിശ്ചലജീവിതത്തിന്റെയോ ദൃശ്യത്തിന്റെയോ ഭാഗമായിരുന്നു. 1887ലെ വേനല്ക്കാലത്തിന്റെ അവസാനത്തോടെ അദ്ദേഹത്തിന്റെ മുഴുവൻ ക്യാൻവാസുകളും സൂര്യകാന്തികളുടെ ചിത്രണത്തിനു വഴിമാറി. പാരീസിലായിരുന്നപ്പോൾ അദ്ദേഹം സൂര്യകാന്തിപ്പൂക്കളുടെ നാല്

നിശ്ചലദൃശ്യങ്ങൾ വരച്ചു. നാലു വാടിപ്പോയ സൂര്യകാന്തിപ്പൂക്കൾ, സൂര്യകാന്തി എന്ന പേരിൽ രണ്ടു ചിത്രങ്ങൾ, വിത്തുകൾ പോയ സൂര്യകാന്തിയുടെ ഓയിൽ ചിത്രം എന്നിവയാണവ. മുറിച്ച പൂക്കൾ തറയിലോ മേശയിലോ കിടക്കുന്ന മട്ടിലാണ് പലതിന്റെയും ചിത്രീകരണം. 1888-ൽ വാൻഗോഘ് തിയൊക്കെഴുതിയ കത്തിൽ സൂര്യകാന്തിപ്പൂക്കൾ വരക്കുമ്പോഴുണ്ടാകുന്ന ആഹ്ലാദം അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്. ഈ ആഹ്ലാദം അദ്ദേഹത്തിന്റെ ആർലെസ് സൺഫ്ലവർ പരമ്പരയിൽ അവസാനിക്കുന്നു. പാരീസ് പരമ്പരയിൽനിന്നും വ്യത്യസ്തമായി ആർലെസിൽ സൂര്യകാന്തികൾ മഞ്ഞയുടെ വകഭേദത്താൽ നിറഞ്ഞിരിക്കുന്നു. വാൻഗോഘിന്റെ സൂര്യകാന്തികൾ കാഴ്ചയെ പുനർനിർമ്മിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നില്ല. സൂര്യകാന്തിപ്പൂക്കളുടെ വർണക്രമത്തിലും രൂപവിന്യാസത്തിലും ചിത്രകാരൻ വഴിമാറി സഞ്ചരിച്ചത് ചിന്തകളുടെ അസാധ്യതകളിലൂടെ സാധ്യതകളിലേക്കായിരുന്നു. വാടിപ്പോയ സൂര്യകാന്തിയും വിത്തുകൾ അറ്റുപോയ സൂര്യകാന്തിയും അവയുടെ വേറിട്ട കിടപ്പും ജീവിതാവസ്ഥയുടെ ചാക്രികതയെ ഓർമ്മപ്പെടുത്തുന്നു. ഇത് സാധ്യമായ ചലനങ്ങളെയും സവിശേഷതകളെയും അടയാളപ്പെടുത്തുന്നു. വാൻഗോഘിന്റെ മനസികാരോഗ്യത്തിന്റെ ശിഥിലീകരണം അദ്ദേഹത്തിന്റെ ആത്മ ഛായാചിത്രങ്ങളിൽ പ്രതിഫലിച്ചിട്ടുണ്ട്. അവയുടെ വിശകലനത്തിലൂടെ ഗോഘിന്റെ കലാസൃഷ്ടികളുടെ പിന്നിലെ കലാപരവും മാനസികവുമായ പ്രചോദനങ്ങളെക്കുറിച്ചു തിരിച്ചറിയാൻ കഴിയും. ഇവ അദ്ദേഹത്തിന്റെ മൂന്ന് ആത്മഛായാചിത്രങ്ങളിലൂടെ വ്യക്തമാക്കാം.

1. സെല്ഫ് പോർട്രേറ്റ് വിത്ത് ഡാർക്ക് ഫെൽറ്റ് ഹാറ്റ് (1886)
2. ബാൻഡേജ്ഡ് ഇയർ വിത്ത് സെല്ഫ് പോർട്രേറ്റ് (1889),
3. സെല്ഫ് പോർട്രേറ്റ് (1889)

എന്നിവയാണ് ആ ചിത്രങ്ങൾ.

ആദ്യ ചിത്രത്തിൽ വാൻഗോഘ് ഒരു ഇരുണ്ട ഭിത്തിക്കു മുൻപിലുള്ള സ്ഥലമാണ് തിരഞ്ഞെടുത്തത്. ക്യാൻവാസിന്റെ ഭൂരിഭാഗവും ഈ പ്രതലം നിലനിൽക്കുന്നതിനാൽ ഇത് ചിത്രത്തെ സ്വതവേ ഇരുണ്ടതാക്കിയിരിക്കുന്നു. കറുത്ത തൊപ്പിയും ഇരുണ്ട പച്ച ഓവർകോട്ടുമാണ് ചിത്രത്തിലെ വേഷം. അദ്ദേഹത്തിന്റെ ഭൗതികദേഹത്തേക്കാൾ മുഖഭാവവും സവിശേഷതകളും ചിത്രത്തിൽ മേൽക്കൈ നേടിയിരിക്കുന്നു. നിഗൂഢ ഭാവവും ഇരുണ്ട കണ്ണുകളും മുഖരോമങ്ങളും ദുഃഖം പ്രകടമാക്കുന്നു. ഈ രചന യാഥാർഥ്യത്തിന്റെ പ്രതിനിധാനമാണെങ്കിലും ആഴമേറിയതും വിശാലവുമായ

സന്ദേശം പകരാൻ ചിത്രം ശ്രമിക്കുന്നുണ്ട്. ഒരാൾ അനുഭവിക്കുന്ന ഇരുട്ടും സങ്കടവും വ്യക്തമാക്കുന്ന ചിത്രം മാറിക്കൊണ്ടിരിക്കുന്ന വ്യക്തിത്വത്തെയും മനസികാവസ്ഥയെയും കുറിച്ച് ചിത്രകാരൻ ബോധവാനായിരുന്നു എന്നും ഓർമ്മപ്പെടുത്തുന്നു. ചിത്രത്തിൽ ചിത്രകാരന് ചുറ്റും പ്രഭാവലയം തീർത്തിട്ടുണ്ട്. അതുല്യവും തനതുമായ ശൈലി വികസിപ്പിച്ചെടുക്കുന്നതിന് തനിക്കു കഴിയുമെന്നുള്ള പ്രതീക്ഷയുടെ സൂചകമാണിത്. ദാരിദ്ര്യം, സാമ്പത്തിക അസ്ഥിരത പോലെയുള്ള പരുക്കൻ യാഥാർഥ്യങ്ങളുടെ പ്രതിഫലനവും വാൻഗോഘിന്റെ ചിന്താപരമായ ചലനങ്ങളുടെ ദൃഷ്ടാന്തവുമാണ് ഈ ചിത്രം. ബാന്ഡേജ്ഡ് ഇയർ വിത്ത് സെല്ഫ് പോർട്രേറ്റിലെത്തുമ്പോൾ വാൻഗോഘിന്റെ ശകലീകൃത മാനസികാവസ്ഥ കൂടുതൽ വ്യക്തമാകും. 1888ൽ വാൻഗോഘ് തിയോക്കെഴുതിയ കത്തിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു. എന്റെ കണ്ണിനു മുന്നിലുള്ളത് കൃത്യമായി പുനർനിർമ്മിക്കുന്നതിനു പകരം എന്നെ തന്നെ ശക്തിയോടെ പ്രകടിപ്പിക്കുന്നതിനു ഞാൻ നിറം കൂടുതൽ ഏകപക്ഷീയമായി ഉപയോഗിക്കുന്നു. ഈ ചിത്രത്തിൽ ചിത്രകാരന്റെ മുഖഭാവം നിശ്ചലവും ശാന്തവുമാണ്. ഒരു കലാകാരനെന്ന നിലയിൽ അദ്ദേഹത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള അനിശ്ചിതത്വവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് എഴുത്തുകാരി മാർഗരറ്റ് ഡ്രാബിൾ സൂചിപ്പിക്കുന്നു (Analysis of Vincent Vangogh–Northern Michigan University https://nmu.edu>houston). വാൻ ഗോഘിന്റെ പക്വമായ പെയിന്റിംഗ് ശൈലി ഇതിൽ പ്രതിഫലിച്ചിട്ടുണ്ട്. മുഖത്തും തൊപ്പിയിലും ഉള്ള ബ്രഷ് സ്ട്രോക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നത് പ്രക്ഷുബ്ധതയുടെ സൂചകമാകാം. ചിത്രത്തിൽ വാൻഗോഘിന്റെ തോളിനു മുകളിൽ ശൂന്യമായ ക്യാൻവാസാണ്. താൻ ഭൂതകാലത്തെ മറന്നു പുതിയ ഇടം സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന ചിന്തയുടെ സാധ്യതയായി ചിത്രം വായിക്കപ്പെടുന്നു. മാനസികമായ സ്ഥിരതയെ ഉയർത്തിക്കാട്ടാനുള്ള ശ്രമം ചിത്രത്തെ അവയവങ്ങളില്ലാത്ത ശരീരമാക്കിത്തീർക്കുന്നു. 1889ൽ വരച്ച അവസാന ആത്മഛായാചിത്രങ്ങളിൽ ഒന്ന് മറ്റ് ചിത്രങ്ങളിൽ നിന്നും കാര്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ചിത്രത്തിലെ വർണ്ണ സ്കീമും കലാപരമായ സാങ്കേതികതയും വേറിട്ടതാണ്. ഒരു കലാകാരനെന്ന നിലയിൽ അദ്ദേഹം ഏറെ അഭിമാനിച്ചിരുന്നതിന്റെ ദൃഷ്ടാന്തമാണ് ചിത്രത്തിന്റെ താഴെ സ്ഥാനം പിടിച്ചിരിക്കുന്ന ബ്രഷും പാലറ്റും. സാധാരണ ആത്മഛായാചിത്രങ്ങളിൽ ഇരുട്ടിന്റെ ആധിക്യമാണെങ്കിൽ ഇത് നീലയുടെ അതിപ്രസരത്താൽ സൗകുമാര്യത തീർക്കുന്നു. ഒരു അംഗീകൃത കലാകാരനായി സമൂഹത്താൽ

ഏറ്റെടുക്കപ്പെടണമെന്നുള്ള വ്യഗ്രത വാൻഗോഘിന്റെ ചിന്താമണ്ഡലത്തിൽ ഇടം നേടിയിട്ടുള്ളതായി ബോധ്യമാകും. പ്രകൃതിയുമായി വളരെയധികം ഇണങ്ങിച്ചേരാൻ വാൻഗോഘിന് കഴിഞ്ഞിരുന്നു. വാൻഗോഘ് ചുറ്റുമുള്ള ലോകത്തിന്റെ ക്ഷണികനിമിഷങ്ങൾ പകർത്താൻ ശ്രമിച്ചു. ഭാവന തീർച്ചയായും നാം തന്നെ വികസിപ്പിച്ചെടുക്കേണ്ട ഒരു ഫാക്കൽറ്റിയാണ്. യാഥാർഥ്യത്തിലേക്കുള്ള ഒറ്റനോട്ടത്തെക്കാൾ കൂടുതൽ ശ്രേഷ്ഠവും ആശ്വാസകരവുമായ ഒരു സ്വഭാവം സൃഷ്ടിക്കുന്നതിലേക്ക് നമ്മെ നയിക്കാൻ പര്യാപ്തമായ ഒന്ന്.ഇത്തരം കാഴ്ചപ്പാടുകൾ ക്ഷണികമായത് നേടിയെടുക്കാനുള്ള പരിശ്രമമായിരുന്നു വാൻഗോഘിന് രചനകൾ എന്ന് ഓർമ്മപ്പെടുത്തുന്നു. തന്റെ അസ്ഥിത്വത്തിന്റെ അർത്ഥം നിരന്തരം അന്വേഷിക്കുന്ന വാൻഗോഘിന്റെ (വാൻഗോഘിന്റെ നിരവധിയായ ആത്മഛായാചിത്രങ്ങൾ )യാഥാർഥ്യം അദ്ദേഹത്തിന്റെ കല തന്നെയായിരുന്നു. ലോകത്തിന്റെ ക്ഷണിക നിമിഷങ്ങളെ ഒരു ചിത്രകാരൻ എങ്ങനെ നോക്കിക്കാണുന്നു എന്നതാണ് പ്രധാനം. സാധാരണ കാര്യങ്ങൾ പോലും ഗൗരവമായി എടുത്തു. അദ്ദേഹം 'സ്റ്റാറി നൈറ്റ്' എന്ന ചിത്രത്തിൽ തനിക്കു പരിചിതമായ പ്രകൃതി ദൃശ്യങ്ങൾ തന്നെയെടുത്തു. ഏതാണ്ട് അസാധ്യമായ നിമിഷങ്ങളെ സാധ്യമാക്കാനുള്ള പരിശ്രമം. രാത്രിയിലെ ആകാശത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സ്വഭാവം അദ്ദേഹത്തെ ആകർഷിച്ചു. ഈ ചിത്രത്തിൽ രാത്രിയിലെ ആകാശമാണ് പ്രതിപാദ്യം. ഫ്രാൻസിലെ ഒരു പള്ളിയുടെയും മരങ്ങളുടെയും ലാൻഡ്സ്കേപ്പിന്റെയും ഡെറിവേറ്റിവുകളാണ് ചിത്രത്തിലുള്ളത്. സെന്റ്. റെമിയിലെ പള്ളി പോലെയുള്ളവ അടിസ്ഥാനമായി നിലകൊള്ളുമ്പോൾ അവയിൽ നിന്നെല്ലാം വേറിട്ട രൂപങ്ങളാണ് സ്റ്റാറി നൈറ്റിനെ ശ്രദ്ധേയമാക്കിയത്. ഇവയെല്ലാം വാൻഗോഘിന്റെ ക്രമക്കേടുകളുടെ ഏകപക്ഷീയമായ പ്രത്യാഘാതങ്ങളെക്കാൾ തിരഞ്ഞെടുത്തവയായിരുന്നു.

ഉപസംഹാരം

അവയവങ്ങളില്ലാത്ത ശരീരം എന്ന ഡല്യൂസിയൻ കാഴ്ചപ്പാടിന്റെ അർത്ഥതലങ്ങളുടെ അന്വേഷണവും അവയെ മുൻനിർത്തിയുള്ള വാൻഗോഘ് എന്ന ചിത്രകാരനെ കുറിച്ചുള്ള പഠനവുമായിരുന്നു ഈ പ്രബന്ധലക്ഷ്യം. അവയവങ്ങളില്ലാത്ത ശരീരം ചിന്തകളുടെ അസാധ്യതകളും തുടർന്നുള്ള സാധ്യതകളുമാണ് വെളിപ്പെടുത്തുന്നത്. വാൻഗോഘ് എന്ന ചിത്രകാരനിൽ ഈ പ്രയോഗം ചേർന്നുനിൽക്കുന്നു. മതിഭ്രമം മൂത്ത് സ്വയംഹത്യ ചെയ്ത വാൻഗോഘ് എന്ന് ലോകം അദ്ദേഹത്തെ മുദ്രകുത്തുമ്പോൾ താളപ്പിഴവ് ബാധിച്ച മനസിന്റെ സൃഷ്ടികൾ മാത്രമായിരുന്നു അദ്ദേഹത്തിന്റെ ചിത്രങ്ങൾ എന്നു പറയാതിരിക്കാൻ ഈകാഴ്ചപ്പാട് വഴി തുറക്കുന്നു. വാൻഗോഘ് ചിത്രങ്ങൾ ചിന്തകളുടെ

അസാധ്യതകളിലേക്കും തുടർന്നുള്ള സാധ്യതകളിലേക്കുമാണ് സഞ്ചരിക്കുന്നത്. വിശാലമായ ഭാവന, നിറത്തിലും രചനയിലുമുള്ള അത്യപാരമായ ഗ്രാഹ്യം, ഇവയോരോന്നും കൈകാര്യം ചെയ്യാനുള്ള തന്മയത്വം വാൻഗോഘിന്റെ സാധ്യതകൾക്ക് മാറ്റ് കൂട്ടി.

ഈ പഠനത്തിലെ കണ്ടെത്തലുകളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. ഭൗതികതക്കപ്പുറം സാധ്യമായ ചിന്തകളുടെ ചലനങ്ങളുടെ സ്വാധീനങ്ങളുടെ പൊട്ടൻഷ്യൽ ശേഖരമാണ് അവയവങ്ങളില്ലാത്ത ശരീരം.
2. വൈയക്തികതക്ക് മേൽ അടിച്ചേല്പിക്കപ്പെട്ട നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും എതിരെയുള്ള യുദ്ധപ്രഖ്യാപനമായിരുന്ന വാൻഗോഘിനും അവയവങ്ങളില്ലാത്ത ശരീരം (ആർട്ടോഡിനെപ്പോലെ).
3. 'ഉരുളക്കിഴങ്ങുതിന്നുന്നവർ' ജീവിതത്തിനും മരണത്തിനും ഇടയിലുള്ള ശ്വാസത്തിന്റെ പാരസ്പര്യം വിളംബരം ചെയ്യുന്നു.
4. 'സൂര്യകാന്തിപ്പൂക്കൾ മനുഷ്യാവസ്ഥയുടെ ചാക്രികതയെ ഓർമ്മപ്പെടുത്തുന്നു.
5. ആത്മഛായാചിത്രങ്ങൾ മാനസിക ഉത്തേജനത്തിനുള്ള അടയാളങ്ങളാണ്.
6. വാൻഗോഘ് ചിത്രങ്ങളിൽ ചിന്തകളുടെ അസാധ്യതകൾ സാധ്യതകൾക്ക് വഴിതുറക്കുകയും അവയുടെ പൊട്ടൻഷ്യൽ ശേഖരം അദ്ദേഹത്തെ അവയവങ്ങളില്ലാത്ത ശരീരമാക്കിത്തീർക്കുകയും ചെയ്യുന്നു.

## സഹായക ഗ്രന്ഥങ്ങൾ

1. Bassano Manu: The Body Without Organs: A Users Manual, European Journal of Psychotherapy & Counselling. https//doi.org/10.1080/13642537.2021,1961833
2. Natalie P Roglitz -Van Gogh: An Exploration of Disorder and Aesthetics. Eastern Eastern Kentucky University University spring spring-4-25-2016.
3. Nathan Jun and Daniel. W. Smith (ed): Deleuze and Ethics Edinburgh University Press 2011.
4. Wilfred Niels Arnold: The Illness of Vincent Vangogh Journal of the History of the Neurosciences 2004, vol-13, no-1(page 22-43)
5. William Behun: The Body of Light and the Body Without Organs, DOI-10/1353/sub 0.0069 Project Muse, substance issue 121 (vol-39 No-1) 2010.
6. Zariguin Alan Ti: Body Without Organs-Esoteric Body. https://www.academia.edu
7. Analysis of Vincent Vangogh -Northern Michigan University. https ://nmu. edu >houston

*email:*